**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ അണ്ണപ്പാടിയിൽ അംഗൻവാടി കെട്ടിട നിർമ്മാണം - പഞ്ചായത്ത് വിഹിതം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നത് - അനുമതി നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം. **448/2019/തസ്വഭവ.** തീയതി, തിരുവനന്തപുരം, **27/02/2019.**

പരാമർശം :- 31.12.2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം നം 4.42

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ അണ്ണപ്പാടിയിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് 8 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും കെട്ടിടത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 8,51,640/- രൂപ കൂടി ആവശ്യമായി വന്നതിനാൽ ടി തുക പഞ്ചായത്ത് അനുവദിക്കണമെന്നു സാമൂഹ്യനീതി വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. അതിൻ പ്രകാരം കുറ്റിക്കോൽ ഗ്രാമപഞ്ചായത്തും കാറഡുക്ക ബ്ലോക്ക് പഞ്ചായത്തും സംയുക്ത പദ്ധതിയായി അനുവദിക്കാൻ സമ്മതിക്കുകയും കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് 17/2019 നമ്പർ പദ്ധതി ഡി.പി.സി.യിൽ നിന്നും അംഗീകാരം വാങ്ങുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 8,51,640/-രൂപയും കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുള്ള വിഹിതമായ 1,00,000/- രൂപയും പൊതുമരാമത്ത് വകുപ്പിന് കൈമാറിയാൽ മാത്രമേ അംഗൻവാടി നിർമ്മാണം പൂർത്തിയാവുകയുള്ളൂ എന്നതിനാൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് പൊതുമരാമത്ത് വകുപ്പിന് തുക കൈമാറുന്നതിന് അനുമതി തേടി.

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ അണ്ണപ്പാടിയിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ്, പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ള 8 ലക്ഷം രൂപയ്ക്ക് പുറമേ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ അധികമായി വേണ്ടിവരുന്ന 8,51,640/- രൂപയ്ക്ക്(എട്ട് ലക്ഷത്തി അൻപത്തിയൊന്നായിരത്തി അറുന്നൂറ്റി നാൽപത് രൂപ മാത്രം) പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വാഹണ ഏജൻസി പൊതുമരാമത്ത്

വകുപ്പായതിനാൽ മേൽ തുക പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ മേൽ പരാമർശം പ്രകാരം പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിന്ധു.എൽ**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
പ്രസിഡന്റ് / സെക്രട്ടറി കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്.
പ്രസിഡന്റ് / സെക്രട്ടറി, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ ) കേരള..ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
പൊതുമരാമത്ത് വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സ്പെഷൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്